ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ: 'dmekerala@gmail.com
ഫാക്സ്: 0471-2443080
ഗ്രാം: ' DIRMEDEN'

ഫോൺ: (ഓഫീസ്) : 2528575
2444270
ഡയറക്ടർ: 2444011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം –695 011

---

**നമ്പർ. ബി 6/71/2018/മെ.വി.വ.** **തീയതി: 15/11/2018**

# വിജ്ഞാപനം

**2018-19** അദ്ധ്യായന വർഷത്തെ എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് ആലപ്പുഴ ഗവണ്മെന്റ് നഴ്സിംഗ് കോളേജിലെ കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് സ്പെഷ്യാലിറ്റിയിൽ ഒഴിവുള്ള **'1' (ഒന്ന്) സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2018 നവംബർ മാസം 24-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ (മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം)** വച്ച് നടത്തുന്നു. സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇനി വരുന്ന ഒഴിവുകൾ കൂടി അന്നേ ദിവസത്തെ സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്.

കേരള പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം പ്രസിദ്ധീകരിച്ചിട്ടുള്ള 2018-ലെ എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് പ്രവേശനം നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ ഒറിജിനൽ രേഖകൾ, ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന വിദ്യാർത്ഥികളെ മാത്രമാണ് പ്രസ്തുത ഒഴിവിലേയ്ക്ക് പരിഗണിക്കുന്നത്.

സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 27.11.2018-നുള്ളിൽ കോളേജിൽ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. വിശദവിവരങ്ങൾ ഡി.എം.ഇ.യുടെവെബ്സൈറ്റായ www.dme.kerala.gov.in-ൽ ലഭ്യമാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ

പകർപ്പ്:
1. പ്രവേശന പരീക്ഷ കമ്മീഷ്ണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പാൽ, സർക്കാർ നഴ്സിംഗ് കോളേജ്, ആലപ്പുഴ
3. ഡി.എം.ഇ.-യുടെ സി.എ. (വെബ്സൈറ്റിൽ പ്രസിദ്ധിക്കരിക്കുന്നതിന്)
4. ജെ ഡി എം ഇ (എം&ജി) / ജെ ഡി എൻ ഇ എന്നിവരുടെ സി എ മാർക്ക്
5. നോട്ടീസ് ബോർഡ് 6.സർജന്റ് 7. Stock file/Records/Office Copy

Scanned by CamScanner